



കെ. മുരളീധരൻ

# നീർമാതളപ്പൂവിന് ബാഷ്പാഞ്ജലികൾ...

**മാ**ധവിക്കുട്ടി എന്ന വിശ്വവിഖ്യാതയായ, മലയാളകഥാലോകത്ത് സ്നേഹത്തിന്റെ വിശുദ്ധിയും, സൗന്ദര്യാനുഭൂതികളുടെ വസന്തകാലവും, നീർമാതളത്തിന്റെ ഗ്രാമസുഗന്ധവും പ്രസരിപ്പിച്ച കഥകളെഴുതി എക്കാലത്തും മലയാളിയെ വിസ്മയിപ്പിച്ച മാധവിക്കുട്ടി കഥാവശേഷയായി. മലയാളികളുടെ ഗൃഹാതുരത്വത്തെ ഉണർത്തുന്ന, ഹൃദയസ്പർശിയായ, കണ്ണുനീരിന്റെ വിഷാദച്ഛവി കലർന്ന ചെറുകഥകളെഴുതി കൈരളിയെ സമ്പന്നമാക്കിയ മാധവിക്കുട്ടി, തന്റെ കഥകളുടെ ആമുഖത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു: "ഞാൻ എഴുതുന്നത് ഒരു ആത്മബലിയാണ്."

അഞ്ച് പതിറ്റാണ്ടായി സർഗ്ഗജീവിതത്തിലൂടെ മലയാളകഥാലോകത്ത് മാധവിക്കുട്ടി രചിച്ചത് കാലാതിവർത്തിയായ കഥകളാണ്. മാറിമാറി വരുന്ന ആസ്വാദനരീതികളിൽ പോലും അവരുടെ ഓരോ കഥയും പഴക്കമേൽക്കാത്തവയായും ഹൃദയഹാരിയായും അനുഭവപ്പെടുന്നു. ഈ കാലാതിവർത്തിത്വം, അനശ്വരത പലപ്പോഴും സാഹിത്യലോകത്ത് ഒരപൂർവ്വതയാണ്. അനുഭവ തീക്ഷ്ണത കൊണ്ടും ലാളിത്യം കൊണ്ടും, സത്യസന്ധത കൊണ്ടും വായനക്കാരന്റെ മനസ്സിൽ മായാതെ, മറയാതെ അവരുടെ കഥകൾ ആത്മനൊമ്പരമായി മാറുന്നു. മാധവിക്കുട്ടി ഒരു വലിയ കഥാപ്രപഞ്ചം തന്നെ തന്റെ അനുഗ്രഹീതമായ തൂലിക കൊണ്ട് രചിച്ചു. സാധാരണക്കാരായ മനുഷ്യരുടെ, പ്രത്യേകിച്ച് നാട്ടിൻപുറങ്ങളിലെ സ്ത്രീകളുടെ വൈവിധ്യമാർന്ന ജീവിതാവസ്ഥകളെ, അവർ ജീവിച്ച ചുററുപാടുകളെ, ധ്വനിസാന്ദ്രമായ വരികളിലൂടെ, ബിംബങ്ങളിലൂടെ അസാധാരണമായ വൈഭവത്തിലൂടെ അവർ ആവിഷ്ക്കരിച്ചു. സ്നേഹത്തിന്റെയും ആർദ്രതയുടെയും കാരുണ്യത്തിന്റയും അചുംബിതമായ ഒരു ലോകത്തെ സൃഷ്ടിച്ചുകൊണ്ട് മലയാളത്തിന്റെ ഉൺമയായി നിലകൊള്ളുകയാണ് ഈ എഴുത്തുകാരി.

ഒരു മാതാവിന്റെ വാത്സല്യം കഥാകാരിയുടെ എല്ലാ സ്ത്രീകഥാപാത്രങ്ങൾക്കുമുണ്ട്. ലോകത്തിന്റെ മുഴുവൻ മാതാവാകാനുള്ള സ്ത്രീയുടെ സ്നേഹാധിഷ്ഠിതമായ ആസക്തിയാണിത്. ഞാൻ വായിച്ചിട്ടുള്ള മാധവിക്കുട്ടിയുടെ മിക്ക കഥകളും എന്നെ വളരെ ആകർഷിച്ചിട്ടുണ്ട്. അതിൽ 'നെയ്പായസം', 'കോലാട്' എന്നീ രണ്ടു കഥകൾ ഹൃദയത്തിൽ സ്പർശിച്ചവയാണ്. വേണ്ടപ്പെട്ടവരുടെ മരണം ഒരു വ്യക്തിയുടെ ജീവിതത്തിൽ ഉണ്ടാക്കുന്ന ശൂന്യത വ്യക്തമാക്കുന്ന ചെറുകഥയാണ് നെയ്പായസം. "ചുരുങ്ങിയ തോതിൽ ശവദാഹം കഴിച്ചുകൂട്ടി ഓഫീസിലെ സ്നേഹിതന്മാരോട് വേണ്ടതുപോലെ നന്ദി പ്രകടിപ്പിച്ച് രാത്രി വീട്ടിലേക്ക് മടങ്ങുന്ന ആ മനുഷ്യനെ നമുക്ക് അച്ഛനെന്നു വിളിക്കാം." നെയ്പായസത്തിന്റെ ആരംഭത്തിൽ കൊടുത്തിരിക്കുന്നത് ഇപ്രകാരമാണ്. കഥാപാത്രങ്ങളിൽ നിന്നും വിട്ടു നിൽക്കുന്ന ആഖ്യാനരീതി, എന്നാൽ ക്രമേണ പ്രധാന കഥാപാത്രമായി ആഖ്യാതാവിന്റെ മനസ്സ് താദാത്മ്യം പ്രാപിക്കുന്നു. "മേലുദ്യോഗസ്ഥൻ ഒരു പക്ഷേ തന്നെ മുറിയിലേക്ക് വിളിച്ചേയ്ക്കാം." "ഞാൻ വളരെ വ്യസനിക്കുന്നു." അയാൾ പറയും: "ഹ... ഹ..അയാളുടെ വ്യസനം അയാൾ അവളെ അറിയില്ല." ഇവിടെ ആഖ്യാതാവിന്റെ സഹാനുഭൂതി കഥാപാത്രത്തിന്റെ മനസ്സായി മാറും. നെയ്പായസത്തിൽ വിരുദ്ധമായ രണ്ട് അവസ്ഥകളെ സമന്വയിപ്പിച്ച് നാടകീയത സൃഷ്ടിച്ചിരിക്കുകയാണ്. ഓഫീസിൽ നിന്നും വന്ന അയാൾ അടുക്കളയുടെ വാതി

ലിൽ കൂടി അകത്തേക്ക് നോക്കി. അവൾ അവിടെയുണ്ടായിരുന്നില്ല. മുറ്റത്ത് കുട്ടികൾ കളിക്കുന്നതിന്റെ ശബ്ദം ഉയർന്നിരിക്കുന്നു. ഉണ്ണി വിളിച്ചു പറയുകയാണ്. "ഫസ്റ്റ് ക്ലാസ് ഷോട്ട്". വായൽപം തുറന്ന് നിലത്ത് മരിച്ചു ചരിഞ്ഞു കിടക്കുന്ന തന്റെ ഭാര്യയെ കാണുമ്പോഴുള്ള അയാളുടെ അവസ്ഥയ്ക്ക് നേർ വിപരീതമാണ് കളിയിൽ മുഴുകിയ മകൻ ഉണ്ണിയുടെ "ഫസ്റ്റ് ക്ലാസ് ഷോട്ട്".

രണ്ടവസ്ഥയും ഒരേ മുഹൂർത്തത്തിൽ കൂട്ടി മുട്ടുമ്പോഴുള്ള ഈ നാടകീയതയിലാണ് ഈ കഥയുടെ ദുരന്തം. അനുഭവ സംവേദ്യമാകുന്ന ഈ കഥയിലെ മറ്റൊരു സന്ദർഭം: "ചോറു വേണ്ടേ ഉണ്ണി" "വേണ്ട പായസം മതി നല്ല സ്വാദുണ്ട്". രാജൻ ചിരിച്ചു കൊണ്ട് പറഞ്ഞു: "ശരിയാ അമ്മ അസ്സല് നെയ്പായസം ഉണ്ടാക്കാറുണ്ട്".

തന്റെ കണ്ണുനീർ കുട്ടികളിൽ നിന്നും മറച്ചുവയ്ക്കാൻ വേണ്ടി അയാൾ പെട്ടെന്ന് എണീറ്റ് കുളിമുറിയിലേക്ക് പോയി. കഥയുടെ അവസാനത്തിൽ പൊടിയുന്ന കണ്ണുനീരിലേക്കാണ് മറ്റെല്ലാ സംഭവങ്ങളും ഏകാഗ്രമാക്കുന്നത്.

കുട്ടികളുടെ നിഷ്കളങ്കതയിലൂടെ അയാൾ ഭാര്യയുടെ വിയോഗവേദന അനുഭവിക്കുന്നു. കുട്ടികളുടെ വാക്കുകളും അയാളുടെ മനസ്സിന്റെ ഭാരവും തമ്മിലുള്ള വൈരുദ്ധ്യത്തിൽ ഇറങ്ങുന്ന നാടകീയത ഈ രചനയുടെ ഭാവനിരീക്ഷണത്തിന് ആർദ്രതയേകുന്നു. വായനക്കാരന്റെ കണ്ണുകൾ ജലാർദ്രങ്ങളായി മാറുന്നു.

കുട്ടികൾക്കും ഭർത്താവിനും വേണ്ടി സമർപ്പിക്കപ്പെട്ട ജീവിതം നയിക്കുന്ന നമ്മുടെ നാട്ടുമ്പുറങ്ങളിൽ കഴിയുന്ന നിഷ്കളങ്കരായ, സ്നേഹിക്കാൻ മാത്രം അറിയുന്ന നമ്മുടെ സഹോദരിമാരെ ഈ കഥയിൽ നമുക്കു കാണാം.

എന്റെ ഹൃദയത്തെ സ്പർശിച്ച മറ്റൊരു കഥയാണ് 'കോലാട്'. പ്രഭാതം മുതൽ അർദ്ധരാത്രിവരെ അവിശ്രമം ജോലിയെടുത്ത് കുടുംബത്തെ വളർത്തുന്ന മറ്റൊരു കുടുംബിനിയുടെ ഹൃദയസ്പർശിയായ നഖചിത്രം ഈ കഥയിൽ മാധവിക്കുട്ടി വരച്ചു കാട്ടുന്നു.

അവളുടെ നാൽപത്തിമൂന്നാമത്തെ വയസ്സിൽ തമാശക്കാരനായ മൂത്തമകൻ പറഞ്ഞു. "അമ്മേ നിങ്ങളെ കണ്ടാൽ ഒരു കോലാടിനെയാണ് ഓർമ്മ വരിക". അവൾ അവന്റെ ചിരിയിൽ പങ്കുകൊണ്ടു. പക്ഷേ അന്ന് അവരെല്ലാവരും വീട്ടിൽ നിന്നും പുറത്തു പോയപ്പോൾ അവൾ കണ്ണാടിയെടുത്ത് വിഷണ്ണതയോടെ തന്റെ മുഖം പരിശോധിച്ചു. തന്റെ ഒട്ടിയ കവിളുകളെ വീണ്ടും പുഷ്ടിപ്പെടുത്തുവാൻ വല്ല മാർഗ്ഗവുമുണ്ടായിരുന്നെങ്കിൽ, തന്റെ ജീവിതവും അതോടൊപ്പം പുഷ്ടിപ്പെടുമെന്ന് അവൾക്കു തോന്നി. യൗവ്വനവും ദേഹപുഷ്ടിയുമുണ്ടായിരുന്ന കാലത്ത് അവൾ നിലത്ത് പായ വിരിച്ചു കിടന്നുറങ്ങുമായിരുന്നില്ല. പക്ഷേ ഓരോന്ന് ഓർത്ത് കണ്ണാടി നോക്കികൊണ്ടിരിക്കുവാൻ അവൾക്ക് മനസ്സു വന്നില്ല. "അടുക്കളയിൽ പാലുതിളയ്ക്കാൻ തുടങ്ങുകയായിരുന്നു".

ആരോഗ്യവതിയും സുന്ദരിയുമായിരുന്ന ഈ കഥയിലെ വീട്ടമ്മ തന്റെ കുടുംബത്തിനു വേണ്ടി കഠിനാധ്വാനം ചെയ്ത് ആരോഗ്യം ക്ഷയിച്ച് രോഗിയായി മാറുന്നു. നഗരത്തിലോ ഗ്രാമത്തിലോ ജീവിക്കുന്ന ഇടത്തട്ടിനു താഴെയുള്ള കുടുംബങ്ങളിലെ സ്ത്രീകളുടെ സമർപ്പിത ജീവിതത്തിന്റെ ദൈന്യചിത്രമാണ് ഇവിടെ തെളിഞ്ഞുവരുന്നത്.

"അവൾ ഒരിക്കലെങ്കിലും ക്ഷീണിച്ച് വീഴുകയോ ആവലാതിപ്പെടുകയോ ഉണ്ടായിട്ടില്ല. അതു കൊണ്ട് അവൾ വെള്ളം നിറച്ച പാട്ടകൾ എടുത്തു പൊക്കി കുളിമുറിയിൽ നിന്നും അടുക്കളയിലേക്കും അടുക്കളയിൽ നിന്നും കുളിമുറിയിലേക്കും നടക്കുമ്പോൾ അവളുടെ ഭർത്താവും മുതിർന്ന മക്കളും അവളെ സഹായിക്കുവാൻ മുതിരുന്നില്ല. വീടടിച്ച് തുടച്ച് വൃത്തിയാക്കുവാനും ഭക്ഷണം പാകം ചെയ്യാനും തുണികൾ അലക്കി ഇസ്തിരിയിടുവാനും അവൾക്കുള്ള പാടവത്തെപ്പറ്റി അവർ പുകഴ്ത്തി പറയാറുണ്ടായിരുന്നു. പ്രശംസ കേൾക്കുമ്പോഴൊക്കെ തേഞ്ഞ പല്ലുകൾ വെളിപ്പെടുത്തി അവൾ പുഞ്ചിരി തൂകി." നൂറ്റാണ്ടുകളായുള്ള നമ്മുടെ നാട്ടിൻ പുറങ്ങളിലെ നിഷ്കളങ്കരായ സഹോദരിമാരുടെ ദൈന്യഭാവമാർന്ന അവസ്ഥ ഈ കഥയിലൂടെ അനാവരണം ചെയ്യപ്പെടുന്നു.

ആത്മബലി നടത്തി ആന്യജീവനു വേണ്ടി സ്വജീവിതം ധന്യമാക്കുന്ന അനവധി കഥാപാത്രങ്ങളെ മാധവിക്കുട്ടിയുടെ ചെറുകഥയിൽ



കാണാം. നമ്മുടെ നാട്ടിൻപുറത്തും നഗരത്തിലും ജീവിക്കുന്ന സാധാരണക്കാരന്റെ, നമുക്ക് പരിചിതരായ മനുഷ്യരുടെ ജീവിതം അയത്നലളിതവും വികാരനിർഭരവുമായ ശൈലിയിൽ എഴുതി, അവയൊക്കെയും വായനക്കാർക്ക് പ്രിയപ്പെട്ടതായി മാറി.

സർവ്വംസഹയായ ഭാരത സ്ത്രീയുടെ ദൈന്യത നിറഞ്ഞ ജീവിതത്തെ എത്ര ഭാവസാന്ദ്ര

മായാണ് മാധവിക്കുട്ടി ഈ കഥകളിലൂടെ വരച്ചു കാട്ടുന്നത്.

പുന്നയൂർക്കുളമെന്ന ഗ്രാമത്തിലെ നീർമാതളവും ഹരിതശോഭയാർന്ന വൃക്ഷലതാദികളും, പക്ഷികളും, ചിത്രശലഭങ്ങളും, അവിടെ ജീവിച്ച മനുഷ്യരുടെ കണ്ണുനീരും, കിനാവും, നൊമ്പരങ്ങളുമൊക്കെ മാധവിക്കുട്ടിയുടെ ചെറുകഥകളിൽ നിറഞ്ഞു നിന്നു. അവ വായനക്കാരുടെ ഹൃദയത്തിൽ സ്ഥാനം പിടിച്ചു. മന്വന്തരങ്ങളായി ഭാരതീയ സാഹിത്യപ്രപഞ്ചത്തിലെ സ്നേഹത്തിന്റെയും ആരാധനയുടെയും പ്രതീകമായ ശ്രീകൃഷ്ണനെ സ്നേഹിച്ചിരുന്ന മാധവിക്കുട്ടി പ്രേമത്തിനും സ്നേഹത്തിനും ദൈവികഭാവന ചമച്ചു. ഭാരതീയ ചെറുകഥാ ലോകത്ത് തന്റേതായ കഥാപ്രപഞ്ചം സൃഷ്ടിക്കുവാൻ മാധവിക്കുട്ടിക്ക് കഴിഞ്ഞു.

അനിതരസാധാരണമായ സിദ്ധി വൈഭവവും അപൂർവ്വതകൾ നിറഞ്ഞ വ്യക്തിപ്രഭാവവും ഒരേ സമയം സമന്വസമായി സമ്മേളിച്ച വ്യക്തിത്വമായിരുന്നു മാധവിക്കുട്ടിയുടേത്. സ്ത്രീത്വത്തിന്റെ മഹിമയേയും മഹത്വത്തേയും ആത്മാഭിമാനത്തേയും പറ്റി അവർക്ക് ശരിയായ ബോധവും കാഴ്ചപ്പാടും തത്വശാസ്ത്രവുമുണ്ടായിരുന്നു. അവരുടെ ഭാവി എന്തായിരിക്കണമെന്ന് അവർ ആഗ്രഹിക്കുകയും സ്വപ്നം കാണുകയും ചെയ്തിരുന്നു. കാലത്തിനുമുമ്പേ നടന്ന ക്രാന്തദർശിയായ കവിയായിരുന്നു മാധവിക്കുട്ടി. പ്രകൃതിയെയും മനുഷ്യരെയും ജീവിതത്തെയും പ്രണയിച്ചിരുന്ന മാധവിക്കുട്ടി ആർദ്രതയുടെയും കരുണയുടെയും മൂർത്തീഭാവമായിരുന്നു. തന്റെ മുമ്പിൽ-സഹായഹസ്തം തേടിയെത്തുന്ന അനവധി സ്ത്രീകൾക്ക് പണവും ഭക്ഷണവും സാന്ത്വനവും ശരീരത്തിലണിഞ്ഞിരുന്ന ആഭരണം പോലും അവർ കൊടുത്തതായി ഞാൻ കേട്ടിട്ടുണ്ട്. ജന്മാവകാശമായി തനിക്ക് ലഭിച്ച പുന്നയൂർകുളത്തെ നാലപ്പാട്ട് തറവാട്ടിലെ ഭൂമി കേരള സാഹിത്യ അക്കാദമിക്ക് ദാനമായി നൽകിയ ആ ഹൃദയവിശുദ്ധി എത്ര വലുതാണ്. എക്കാലത്തും മതാതീതമായ മനസ്സുണ്ടായിരുന്നു മാധവിക്കുട്ടിക്ക്. അവർ ഇസ്ലാം മതം സ്വീകരിച്ചത് വളരെ വിവാദം സൃഷ്ടിച്ചപ്പോഴും അവർ ഒരു കുട്ടിയെപോലെ പുഞ്ചിരി പൊഴിച്ചു. 'സർവ്വമതസാരവുമേക'മെന്ന ഗുരുദേവ ദർശനത്തിന്റെ പൊരുൾ പോലെ.

പക്ഷിയുടെ മരണം, കല്യാണി, ഇടനാഴിയിലെ കണ്ണാടി തുടങ്ങിയ ജീവിതഗന്ധിയായ കഥകൾ മാധവിക്കുട്ടിയുടെ മാസ്മരതൂലികയിൽ നിന്ന് ജന്മമെടുത്തതാണ്. മരണത്തെയും പ്രേമത്തേയും കുറിച്ചുള്ള തീക്ഷ്ണമായ ഭാവം അവരുടെ കഥകൾക്ക് ദാർശനികത്വം നൽകി. ഗ്രീക്ക് ട്രാജഡികളുടെ അന്ത:സത്തയായ 'കഥാഴ്സിസ്' എന്ന വികാരം നമ്മുടെ മനസ്സിനെ വിമലീകരിക്കുന്നു. അതുപോലെ മാധവിക്കുട്ടിയുടെ കഥകളും നമ്മുടെ ചിന്തകളെയും വികാരങ്ങളെയും വിശുദ്ധമാക്കുന്നു.

നന്മകളാൽ സമൃദ്ധമായ കേരളീയ ജീവിതത്തിന്റെ ശാന്തതയും സ്വച്ഛതയും മഹാനഗരങ്ങളുടെ സംഘർഷഭരിതമായ യാന്ത്രികജീവിതവും, മനുഷ്യജീവിതത്തിൽ വിധിയുടെ വിളയാട്ടത്താൽ സങ്കീർണ്ണമായിക്കൊണ്ടിരിക്കുന്ന വിഫലതകളെയും നിസ്സഹായതയേയും വാക്കുകളിലൂടെ ലളിതമായി അവതരിപ്പിച്ച മാധവിക്കുട്ടി മലയാള സാഹിത്യം നിലനിൽക്കുന്ന കാലം വരെ അനശ്വരയായി, യശ്ശസ്സിയായി മാറും. ഇനിയൊരു ജന്മമുണ്ടെങ്കിൽ നീർമാതളപൂവിന്റെ സുഗന്ധം പരത്തുന്ന, ജീവിതഗന്ധിയായ കഥകളെഴുതുന്ന മാധവിക്കുട്ടിയായി പുനർജനിക്കാൻ ഞങ്ങൾ പ്രാർത്ഥിക്കുന്നു. ●